# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ<br>NOVEMBER | 21 | 2020 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ്-1

ഫോൺ : 04735-202664

www.prd.kerala.gov.in, prdnewssabarimala2021@gmail.co

### അയ്യപ്പന്മാരുടെ വിശപ്പകറ്റി ദേവസ്വം ബോർഡിന്റെ സൗജന്യ അന്നദാന വിതരണം

ശബരിമലയിലെത്തുന്ന തീർഥാടകർക്കായി ദേവസ്വം ബോർഡ് സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ സൗജന്യ അന്നദാന വിതരണം നടത്തുന്നു. സന്നിധാനത്ത് രാവിലെ 5.30 മുതൽ 11.30 വരെ പ്രഭാത ഭക്ഷണമായ ഉപ്പുമാവ്, കടലക്കറി, ചുക്ക്കാപ്പി എന്നിവയാണ് നൽകുന്നത്. ഉച്ചയ്ക്ക് 12 മുതൽ ഉച്ചയ്ക്ക് നട അടയ്ക്കുന്നതുവരെ പുലാവും സാലട്, അച്ചാർ എന്നീ കറികളും വിതരണം നടത്തുന്നു. വൈകിട്ട് 4.30 മുതൽ രാത്രി നട അടയ്ക്കുന്നതുവരെ ഉപ്പുമാവ്, ഉള്ളിക്കറി എന്നിവയാണ് നൽകുന്നത്.

കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചാണ് ഭക്ഷണ വിതരണം. ഭക്ഷണം കഴിക്കുന്ന ആളുകളുടെ ശാരീരിക അകലം ഉറപ്പാക്കുന്നതിന് ഇരിപ്പിടങ്ങൾ പ്രത്യേകം അടയാളപ്പെടുത്തിയിട്ടുണ്ട്. യഥാസമയം ശുചീകരണം ഉൾപ്പെടെ നടത്തിവരുന്നു. സന്നിധാനത്തെ മാളികപ്പുറത്തിന് സമീപമുള്ള അന്നദാന മണ്ഡപത്തിൽ ഭക്ഷണം തയാറാക്കുന്നതിനും വിതരണത്തിനുമായി നിലവിൽ ദേവസ്വം ജീവനക്കാരും താൽക്കാലിക ജീവനക്കാരുമുൾപ്പെടെ 40 പേർ സേവനത്തിലുണ്ട്. സന്നിധാനത്തെ അന്നദാനവിതരണത്തിന് അന്നദാനം സ്പെഷ്യൽ ഓഫീസർ ബി. ദിലീപ് കുമാർ നേതൃത്വം നൽകുന്നു.

പമ്പയിൽ മണൽപുറത്ത് സ്ഥിതി ചെയ്യുന്ന അന്നദാനമണ്ഡപത്തിൽ രാവിലെ ഏഴു മുതൽ 11 വരെ ഉപ്പുമാവും, കടലക്കറിയും, ചുക്ക്കാപ്പിയും വിതരണം

നടത്തുന്നു. ഉച്ചയ്ക്ക് 12 മുതൽ ഉച്ചകഴിഞ്ഞ് മൂന്നുവരെ വെജിറ്റബിൾ പുലാവ്, സാലഡ്, അച്ചാർ എന്നിവയും നൽകുന്നു. വൈകിട്ട് ആറ് മുതൽ രാത്രി 10 വരെ ഉപ്പുമാവും, കടല അല്ലെങ്കിൽ വെജിറ്റബിൾ കറിയും, ചുക്കുകാപ്പിയും വിതരണം ചെയ്യുന്നു. പമ്പ മണൽപ്പുറത്തുള്ള അന്നദാനമണ്ഡപത്തിന്റെ പിൻവശത്തുള്ള സർവീസ് റോഡുവഴി പ്രവേശിക്കാം.

ഇവിടെയും കോവിഡ് പ്രോട്ടോക്കോൾ പാലിച്ചാണ് അന്നദാനവിതരണം. അണുനശീകരണം നടത്തിയ പാത്രങ്ങളാണ് ഭക്ഷണ വിതരണത്തിനായി ഉപയോഗിക്കുന്നത്. ദേവസ്വം ജീവനക്കാരും താൽക്കാലിക ജീവനക്കാരും ഉൾപ്പെടെ നിലവിൽ 20 പേരാണ് ഭക്ഷണം പാകം ചെയ്യുന്നതിനും വിതരണത്തിനുമായി ഉള്ളത്. അഡ്മിനിട്രേറ്റീവ് ഓഫീസർ എസ്. മനു, അന്നദാനം സ്പെഷ്യൽ ഓഫീസർ മണികണ്ഠൻ നമ്പൂതിരി എന്നിവർ പമ്പ അന്നദാന മണ്ഡപത്തിലെ ഭക്ഷണ വിതരണത്തിന് നേതൃത്വം നൽകുന്നു.

നിലയ്ക്കല്ലിലെ അന്നദാനമണ്ഡപത്തിൽ രാവിലെ ഏഴ് മുതൽ 10.30 വരെ ഉപ്പുമാവും, കടലക്കറിയും വിതരണം ചെയ്യുന്നു. ഉച്ചയ്ക്ക് 12 മുതൽ ഉച്ച കഴിഞ്ഞ് മൂന്ന് വരെ പുലാവും സാലഡും അച്ചാറും കറികളായി നൽകുന്നു. വൈകിട്ട് ഏഴ് മുതൽ രാത്രി 9.30 വരെ ഉപ്പുമാവും, കടലക്കറിയും നൽകുന്നു. കോവിഡ് പ്രോട്ടോക്കോൾ പാലിച്ചാണ് ഇവിടെയും അന്നദാനവിതരണം. ഒരു മേശയിൽ രണ്ടു പേരെ മാത്രമാണ് ഭക്ഷണം കഴിക്കാനായി ഇരുത്തുന്നത്. ദേവസ്വം ജീവനക്കാരും താൽക്കാലിക ജീവനക്കാരും ഉൾപ്പെടെ നിലവിൽ ഇവിടെ 15 പേരാണ് ഭക്ഷണം ഉണ്ടാക്കുന്നതിനും വിതരണം നടത്തുന്നതിനുമായി സേവനത്തിലുള്ളത്. നിലയ്ക്കലെ അന്നദാന മണ്ഡപത്തിലെ ഭക്ഷണ വിതരണത്തിന് അഡ്മിനിട്രേറ്റീവ് ഓഫീസർ ജി. ബിനു നേതൃത്വം നൽകുന്നു.

***(പി.ആർ. ശബരി-29)***

## ഈ മണ്ഡലകാലത്ത് തീർഥാടകർ കൂടുതൽ എത്തിയ ദിവസം

കോവിഡ് വ്യാപനം തടയുന്നതിന് തീർഥാടകർക്ക് നിയന്ത്രണം ഉള്ള ഈ മണ്ഡല തീർഥാടന കാലത്ത് ഇതുവരെ ഏറ്റവും കൂടുതൽ ഭക്തർ എത്തിയ ദിവസമായിരുന്നു ശനിയാഴ്ച്ച. ശനി, ഞായർ ദിവസങ്ങൾ 2,000 തീർഥാടകരെയാണ് ദർശനത്തിന് അനുവദിച്ചിട്ടുള്ളത്. മറ്റ് സാധാരണ ദിവസങ്ങളിൽ 1000 ഭക്തർക്കാണ് ദർശനത്തിന് അനുമതി.

ശനിയാഴ്ച്ച രാവിലെ ശാരീരിക അകലം പാലിച്ച് വലിയ നടപ്പന്തലിന്റെ മുക്കാൽ ഭാഗവും തീർഥാടകർ നിറഞ്ഞ നിലയുണ്ടായിരുന്നു. കോവിഡ് പശ്ചാത്തലത്തിൽ തീർഥാടകർ ശാരീരിക അകലം പാലിക്കുന്നത് ഉറപ്പുവരുത്താൻ സന്നിധാനം വലിയ നടപ്പന്തലിൽ 351 ഇടങ്ങളിൽ അടയാളപ്പെടുത്തിയിട്ടുണ്ട്. കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി കൈകളും കാലും ശുചീകരിക്കുന്നതിനും വലിയ നടപ്പന്തലിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

***(പി.ആർ. ശബരി-30)***

## ആരോഗ്യവകുപ്പ് നിലയ്ക്കലും പമ്പയിലും ബോധവത്കരണ ബോർഡുകൾ സ്ഥാപിച്ചു

പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസിന്റെ ആഭിമുഖ്യത്തിൽ നിലയ്ക്കൽ, പമ്പ, സന്നിധാനം, ശരണപാത എന്നിവിടങ്ങളിൽ ബഹുഭാഷാ ബോധവത്കരണ ബോർഡുകൾ, ബാനറുകൾ എന്നിവ സ്ഥാപിച്ചു. കോവിഡ് 19 മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് തീർഥാടനം നടത്തുന്നതിനെ കുറിച്ചും, മലകയറ്റത്തിനിടെ ഹൃദയാഘാതം, ശ്വാസംമുട്ടൽ തുടങ്ങിയവ ഉണ്ടാകുന്നത് തടയുന്നതിനുള്ള മുൻകരുതൽ നിർദേശങ്ങളും അടങ്ങിയ ആറു ഭാഷയിലുള്ള സന്ദേശങ്ങളാണ് ഇവയിലുള്ളത്. കൂടാതെ പമ്പ, നിലയ്ക്കൽ, സന്നിധാനം എന്നിവിടങ്ങളിൽ ഇതുസംബന്ധിച്ച് വിവിധ ഭാഷയിലുള്ള അനൗൺസ്മെന്റും സാമൂഹിക മാധ്യമങ്ങളിൽ പ്രചാരണവും നടത്തുന്നുണ്ട്.

*(പി.ആർ. ശബരി-31)*

***ഫോട്ടോ അടിക്കുറിപ്പ്- ബോർഡ്-***

ശബരിമല തീർഥാടനവുമായി ബന്ധപ്പെട്ട് ആരോഗ്യവകുപ്പ് സ്ഥാപിച്ച ബോധവത്കരണ ബോർഡ്.


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

നവംബർ

NOVEMBER **21** **2020**



## ശബരിമല പത്രക്കുറിപ്പ്–2

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.co


## പൂർണ സജ്ജമായി സന്നിധാനത്തെ ഗവ. ആശുപത്രി

മല കയറി ശബരിമല സന്നിധാനത്ത് എത്തുന്ന അയ്യപ്പ ഭക്തർക്കും തൊഴിലാളികൾക്കും, ഉദ്യോഗസ്ഥർക്കും ഒരു പോലെ ആശ്രയമാകുകയാണ് വലിയ നടപ്പന്തലിന് സമീപത്തെ ഗവ.ആശുപത്രി. ആവശ്യമായ മരുന്നുകളും, ഉപകരണങ്ങളും, ജീവനക്കാരും ആശുപത്രിയിൽ 24 മണിക്കൂറും സജ്ജമാണെന്ന് മെഡിക്കൽ ഓഫീസർ ഡോ.അരുൺ പ്രതാപ് പറഞ്ഞു.

ഈ മാസം 14 ന് ആരംഭിച്ച ആശുപത്രിയിൽ ഇതുവരെ 330 രോഗികൾക്ക് ചികിത്സ നൽകി കഴിഞ്ഞു. ഉദ്യോഗസ്ഥരാണ് അധികവും ചികിത്സക്കായി എത്തിയിട്ടുള്ളത്. ആശുപത്രിയിൽ എത്തുന്ന രോഗികൾക്ക് കോവിഡ് രോഗലക്ഷണങ്ങൾ കണ്ടാൽ അവരെ ആശുപത്രിയിൽ എത്തിക്കുന്നതിനായി ആംബുലൻസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സന്നിധാനത്തു നിന്ന് ആംബുലൻസിൽ പമ്പയിൽ വരെയാണ് രോഗിയെ എത്തിക്കുക. പമ്പയിൽ നിന്ന് വേറെ ആബുലൻസിലാകും രോഗിയെ ആശുപത്രിയിലേക്ക് കൊണ്ടു പോകുക.

ഇതുവരെ കോവിഡ് രോഗലക്ഷണം കണിച്ച ഏഴു പേരെ ആശുപത്രിയിൽ എത്തിച്ചിട്ടുണ്ട്. എന്നാൽ, അവർക്കെല്ലാം തന്നെ കോവിഡ് നെഗറ്റീവ്

റിസൽട്ടാണ് ലഭിച്ചത്. ഏഴു ഡോക്ടർമാർ, മൂന്നു സ്റ്റാഫ് നഴ്സുമാർ, മൂന്ന് ഫാർമസിസ്റ്റുകൾ, ഒരു സ്റ്റോർ ഇൻ ചാർജ് തുടങ്ങി 22 പേരാണ് നിലവിൽ ആശുപത്രിയിൽ ജോലി ചെയ്യുന്നത്. ആശുപത്രിയിൽ രണ്ടു വെന്റിലേറ്ററുകൾ, നാല് ഡീഫിബിലേറ്റർ, ഓക്സിജൻ സിലണ്ടറുകൾ, മെഡിക്കൽ ലാബ്, എക്സ്റേ ലാബ് തുടങ്ങിയവയും സജ്ജീകരിച്ചിട്ടുണ്ട്.

*(പി.ആർ. ശബരി-32)*

## ശബരിമലയിലെ നാളത്തെ (22.11.20) ചടങ്ങുകൾ...

5 മണിക്ക്.... നട തുറക്കൽ
5.05 ന്..... അഭിഷേകം
5.30 ന് ...ഗണപതി ഹോമം
7 മണി മുതൽ 11 മണി വരെ നെയ്യഭിഷേകം
7.30 ന് ഉഷപൂജ
8 മണി മുതൽ ഉദയാസ്തമന പൂജ
11.30 ന് 25 കലശാഭിഷേകം
തുടർന്ന് കളഭാഭിഷേകം
12 ന് ഉച്ചപൂജ
1 മണിക്ക് നട അടയ്ക്കൽ
4 മണിക്ക് ക്ഷേത്രനട തുറക്കും
6.30 ....ദീപാരാധന
7 മണിക്ക് .....പടിപൂജ
8.30 മണിക്ക് ....അത്താഴപൂജ
8.50 ന് ഹരിവരാസനം സങ്കീർത്തനം പാടി 9 മണിക്ക് ശ്രീകോവിൽ നട അടയ്ക്കും.

*(പി.ആർ. ശബരി-33)*

### *ഫോട്ടോ അടിക്കുറിപ്പ് - ഹോസ്പിറ്റൽ*
സന്നിധാനത്തെ ഗവ: ആശുപത്രി

### *ഫോട്ടോ അടിക്കുറിപ്പ് - അന്നദാനം*
-സന്നിധാനത്തെ അന്നദാന മണ്ഡപത്തിൽ ആഹാരം കഴിക്കുന്ന അയ്യപ്പന്മാർ

### *ഫോട്ടോ അടിക്കുറിപ്പ് - അയ്യപ്പൻ-*
സന്നിധാനത്തെ വലിയ നടപ്പന്തലിൽ സാമൂഹിക അകലം പാലിച്ചു ദർശനത്തിനു കാത്തു നിൽക്കുന്ന അയ്യപ്പന്മാർ

### *ഫോട്ടോ അടിക്കുറിപ്പ് - അരവണ-*
ശബരിമല സന്നിധാനത്തെ അരവണ കൗണ്ടർ

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.